**3 - 28 എസ്.ജെ.എസ്.ആർ.വൈ-പരിശീലനച്ചെലവ് - ചെലവ് രേഖകൾ ഹാജരാക്കിയില്ല:**

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെമ്പർ സെക്രട്ടറി, സി.ഡി.എസ്.

നഗരസഭയിലെ തൊഴിൽ ചെയ്യാൻ തയ്യാറായിട്ടുള്ള കുടുംബശ്രീ അംഗങ്ങൾക്ക് പൊതു അവബോധ പരിശീലനവും അതു വഴി തെരെഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് സംരംഭകത്വ വികസന പരിശീലനവും നൽകിയതിന്റെ ഫീസിനത്തിൽ 2,63,890/- രൂപ എസ്.ജെ.എസ്.ആർ.വൈ. ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ അംഗീകൃത ട്രെയിനിംഗ് ഏജൻസികളായ ഏക്സാത്, വടകര, മെറ്റാഡ, കൊയിലാണ്ടി എന്നീ സ്ഥാപനങ്ങളാണ് പരിശീലനം നൽകിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങൾ നൽകിയ ചെലവ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. ചെലവിന്റെ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക (രൂപ) | സ്ഥാപനം | പരിശീലനം നൽകിയ തീയതി |
|---|---|---|---|---|
| 1. | 79/7/11 തീയതി 25.07.2011 | 15,560 | മെറ്റാഡ | 04.07.2011, 05.07.2011 |
| 2. | 147/10/11 തീയതി 14.10.2011 | 52,296 | ഏക്സാത് | 27.10.11 മുതൽ 29.10.11 വരെ |
| 3. | 231/3/12 തീയതി 22.03.2012 | 18,584 | മെറ്റാഡ | 28.10.11, 29.10.11 |
| 4. | 243/3/12 തീയതി30.03.2012 | 31,500 | ഏക്സാത് | -- |
| 5. | 244/3/12 തീയതി 30.03.2012 | 1,03,180 | ഏക്സാത് | 05.03.12 - 08.03.12<br>12.03.12 - 14.03.12<br>15.03.12 = 17.03.12 |
| 6. | 245/3/12 തീയതി 30.03.2012 | 42,770 | മെറ്റാഡ | 29.02.12 - 03.03.12 |
| | **ആകെ** | **2,63,890/-** | | |

Local Fund Audit Department

2,63,890/- രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.7/11-12 തീയതി.25.07.2013) നൽകിയിരുന്നെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക 2,63,890/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**3 - 29 V I D S S M T - പദ്ധതി - ബോധവത്ക്കരണ പരിപാടികൾക്കായി കലണ്ടറുകളും സ്റ്റിക്കറും അടിച്ചത് - വിശദാംശം ലഭ്യമാക്കിയില്ല.**

ഫയൽ നമ്പർ - എച്ച്.1 - 19723/11

ചെക്ക് നമ്പർ - 019327/30.01.2012

തുക - 1,20,638/- രൂപ

ഖരമാലിന്യ സംസ്കരണത്തിനായുള്ള കേന്ദ്രസർക്കാരിന്റെ യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിയുടെ ഭാഗമായി ബോധവത്കരണ പരിപാടികൾക്കായി 10,000 എണ്ണം കലണ്ടറുകളും 1,000 സ്റ്റിക്കറുകളും പ്രിന്റ് ചെയ്ത വകയിൽ 1,20,638/- രൂപ കൊയിലാണ്ടിയിലെ ഇൻസെറ്റ് ക്രിയേഷൻസ് എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. 10,000 കലണ്ടറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റിക്കറുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. കലണ്ടറുകളും സ്റ്റിക്കറുകളും ഇഷ്യൂ ചെയ്തതിന്റെയോ ബോധവത്കരണപരിപാടിയ്ക്ക് ആയത് എങ്ങനെ പ്രയോജനപ്പെട്ടു എന്നതിന്റെയോ വിശദാംശം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വറിയിയ്ക്ക് മറുപടി നൽകിയിട്ടില്ല. ചെലവുതുക 1,20,638/- രൂപ തടസ്സപ്പെടുത്തുന്നു.

**3 - 30 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചില്ല.**

2011 - 12 സാമ്പത്തിക വർഷം മുൻകൂർ/പാർട്ട്ബിൽ നൽകിയ താഴെപറയുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചില്ല.

| ക്രമ നം. | പ്രൊജക്ട് നം./പേര് | കരാറുകാരൻ/ കൺവീനർ | അനുവദിച്ച മുൻകൂർ പാർട്ട് ബിൽ | ബിൽ നം./ ഡി.ഡി.നം./ തീയതി |
|---|---|---|---|---|
| 1. | 99/12 - കോയാരിക്കുന്ന് കുടിവെള്ള പദ്ധതി അടങ്കൽ 7 ലക്ഷം (പ്ലാൻ ഫണ്ട് ) | ശ്രീ. കെ. സുധാകരൻ, കൺവീനർ | 1,00,000/- | 32/3103.2012 (കിണർ, ടാങ്ക് പൂർത്തിയാക്കി ത്രീഫേസ് കണക്ഷനു വേണ്ടി KSEB - യോട് എസ്റ്റിമേറ്റ് നൽകാൻ ആവശ്യപ്പെട്ടിരിക്കുന്നു.) |
| 2. | 100/12 പെരുകുനി കോളനി കുടിവെള്ള പദ്ധതി അടങ്കൽ 8,95,000/- (വികസനഫണ്ട്) | ശ്രീ.പി.കെ. ഗീരീഷ് | 1,00,000/- | 33/31.03.2012 (പാർട്ട് ബിൽ നൽകി) |
| 3. | 94/12 - പടിഞ്ഞാറിടത്ത് കുടിവെള്ള പദ്ധതി അടങ്കൽ 3,15,000/- (തനത് ഫണ്ട് 2,83,500+31,500 ഗുണഭോക്തൃ വിഹിതം) | ശ്രീ. രവി. സി.കെ. | 1,51,261/- | 46/11-12/31.03.2012 (പാർട്ട് ബിൽ) |
| 4. | 98/12 -കാളിയത്ത് മീത്തൽ കുടിവെള്ള പദ്ധതി അടങ്കൽ.9,40,000/- (തനത് 8,46,000+ ഗുണ. വിഹിതം 94.000 ) | ശ്രീ. സി.കെ. നാരായണൻ | 6,20,956/- | 40/11-12/31.03.2012 (പാർട്ട് ബിൽ) |
| 5. | 97/12 - കാവുംവട്ടം കുടിവെള്ള പദ്ധതി അടങ്കൽ 9,57,000/- (തനത് ഫണ്ട് 5,00,000/- ഗുണ.വിഹിതം 87,000/- വികസനഫണ്ട് 3,70,000/-) | ശ്രീ. ദിനേശൻ.കെ.എം | 3,70,000/- 2,48,449/- | 53/11-12/31.03.2012 884842/31.03.2012 (പാർട്ട്ബിൽ) |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 6. | 141/12 - തേയിപ്പുറം കുടിവെള്ള പദ്ധതി അടങ്കൽ 1,70,000/- (ധനകാര്യ ഗ്രാന്റ് 53,000/- തനത്ഫണ്ട് 1,00,000/- ഗുണ. വിഹിതം 17,000/-) | ശ്രീ. മണലൊടി രാഘവൻ | 1,59,968/- | 1) 314283/12.09.2011<br>2) 884837/29.03.2012<br>(പാർട്ട്ബിൽ) |
| 7. | 92/12 - മഞ്ഞളാട് കുന്ന് കുടിവെള്ള പദ്ധതി അടങ്കൽ 13,60,000/- (വികനസഫണ്ട് 11,50,000/- തനത്ഫണ്ട് 2,10,000/-) | ശ്രീ. എം. രാജൻ | 5,74,495/-<br>3,82,439/-<br>36,050/- | 27/11-12/31.03.2012<br>34/11-12/31.03.2012<br>വൗച്ചർ 1023/11-12/ 05.03.2012<br>(പാർട്ട്ബിൽ) |
| 8. | 91/12 - പടന്നകോളനി പൈപ്പ്ലൈൻ സ്ഥാപിക്കൽ അടങ്കൽ 7,97,000/- (വികസനഫണ്ട് 4,00,000/- തനത്ഫണ്ട് 3,97,000/-) | ശ്രീ. കണ്ടക്കുട്ടി. പി. | 4,00,000/-<br>1,44,010/- | 42/11-12/31.03.2012<br>884848/31.03.2012 |

കുടിവെള്ള പദ്ധതികളുടെ പൂർത്തികരണ കാലാവധി 1 വർഷമായിരുന്നു എന്നാൽ നാളിതുവരെ പദ്ധതികൾ പൂർത്തീകരിച്ചു കാണുന്നില്ല. കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി തുടർ പരിപാലനം ഗുണഭോക്തൃ കമ്മിറ്റികളെ ഏൽപ്പിച്ച് ഓഡിറ്റിനെ അിറയിക്കേണ്ടതാണ്.

<u>**3 - 31 അണേല - ഐ.ടി.ഐ. റോഡ് വൈദ്യുതീകരണം - കെ.എസ്.ഇ.ബി.യിൽ തുക അടവാക്കി - പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരമില്ല.**</u>

(ഫയൽ നം. പി.ഡബ്ല്യു.1 - 12899/11)

അണേല - ഐ.ടി.ഐ. റോഡിൽ പുതിയ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിച്ച് ലൈൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനായി നഗരസഭാ കൗൺസിലിന്റെ 4/26.05.2011 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 42,636/- രൂപ 887201/20.01.2012 - ാം നമ്പർ ചെക്കു പ്രകാരം (വൗച്ചർ നം.844/20.01.2012) കെ.എസ്.ഇ.ബി.യിൽ അടച്ചു. എന്നാൽ ഈ തുകയുപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. പരിശോധനയ്ക്കു ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. 42,636/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

<u>**3 - 32 ഡയബറ്റിക് രോഗികൾക്ക് മരുന്നു വിതരണം - തുക ചെലവഴിച്ചു - മരുന്നു ലഭ്യമായില്ല - പ്രൊജക്ട് നടപ്പിലായില്ല**</u>

പ്രൊജക്ട് നമ്പർ : 333/2012

നിർവ്വഹണ ഉദ്യോഗസ്ഥൻ : സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കൊയിലാണ്ടി

Local Fund Audit Department

| | | |
|---|---|---|
| അടങ്കൽ | : | 4,00,000/- (വികസന ഫണ്ട്) |
| ചെലവ് | : | 2,55,534/- രൂപ |

നഗരസഭയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഡയബറ്റിക് ഫൗണ്ടേഷനു കീഴിൽ പാവപ്പെട്ട പ്രമേഹരോഗികൾക്ക് ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പ്രൊജകടിന്റെ ഭാഗമായി 6 ഇനം മരുന്നുകളുടെ വിലയിനത്തിൽ 2,55,534/- രൂപ ബിൽ നം.6/28.03.2012 പ്രകാരം കെ.എം.എസ്.സി.എൽ. നു നൽകി. എന്നാൽ നാളിതുവരെ മരുന്നു ലഭ്യമായിട്ടില്ല. മരുന്നു ലഭ്യമായതിന്റെയും പ്രൊജക്ടു നടപ്പിലായതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്. 2,55,534/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

**<u>3 - 33 കെഡസ്ട്രൽ മാപ്പ് തയ്യാറാക്കുന്നതിന് തുക നൽകി - വിനിയോഗ വിവരം ലഭ്യമാക്കിയില്ല</u>**

(പ്രൊജക്ട് നമ്പർ - എസ്. 388/12)

കെഡസ്ട്രൽ മാപ്പ് തയ്യാറാക്കുന്നതിലേക്ക് മുൻസിപ്പൽ എഞ്ചിനിയർ 1 ലക്ഷം രൂപ(പ്ലാൻ ഫണ്ട്) തിരുവനന്തപുരം സെന്റർ ഫോർ എർത്ത് സ്റ്റഡീസ് സയൻസ് ഡയറക്ടർക്ക് നൽകി (ബിൽ നം.39/11-12. തീയതി 31.03.2012). നൽകിയ തുക നിർദ്ദിഷ്ട പ്രവൃത്തിക്കുവേണ്ടി ഉപയോഗിച്ചതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ മറുപടിയിൽ വിശദാംശം അിറയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ലഭിച്ചിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>3 - 34 എസ്.എസ്.എ. പ്രൊജക്ട് - നഗരസഭാവിഹിതം എസ്.എസ്.എ.യിൽ വരവു ചേർത്തതിന്റെയും വിനിയോഗിച്ചതിന്റെയും വിവരം ലഭ്യമല്ല</u>**

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | : | 81/2012 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി |
| ചെലവ് | : | 10,08,400/- രൂപ (ബിൽ നം. 30/28.03.2012) |
| | : | 16,89,900/- രൂപ (ബിൽ നം. 24/19.01.2012) |

എസ്.എസ്.എ. വിഹിതമിനത്തിൽ തൻവർഷം മുകളിൽ സൂചിപ്പിച്ച വിധം 26,98,300/- രൂപ എസ്.എസ്.എ. ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക കൈപ്പറ്റിയതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 26,98,300/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

Local Fund Audit Department

**3 - 35 അഡ്വാൻസ് തുകകൾ അഡ്ജസ്റ്റ് ചെയ്യപ്പെടുന്നില്ല - ഈടാക്കാനുള്ള തുക വർഷം തോറും വർദ്ധിച്ചുവരുന്നു**

നഗരസഭയിലെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2004 - 2005 മുതൽ വിവിധ ആവശ്യങ്ങൾക്കായി നൽകിയ മുൻകൂർ തുകകൾ അഡ്ജസ്റ്റു ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു. തുകകളുടെ വർഷം തിരിച്ചുള്ള കണക്ക് (രജിസ്റ്റർ പ്രകാരം) താഴെ കൊടുക്കുംവിധമാണ്.

| | |
|---|---|
| 2004 - 2005 | 2,81,143.00 |
| 2005 - 2006 | 1,36,850.00 |
| 2006 - 2007 | 12,500.00 |
| 2007 - 2008 | 500.00 |
| 2008 - 2009 | 20,000.00 |
| 2009 - 2010 | 45,900.00 |
| 2010 - 2011 | 5,80,100.00 |
| 2011 - 2012 | 4,57,000.00 |
| **ആകെ** | **15,33,993.00** |

നിക്കിയിരിപ്പു തുക സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2010-11 വർഷം ഈയിനത്തിലുണ്ടായിരുന്ന നിക്കിയിരിപ്പ് 10,31,088.00 രൂപയായിരുന്നു. 2012-13 വർഷാവസാനം ഇത് 17,22,546/-രൂപയായി വർദ്ധിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. 2011-12 വർഷാവസാനം 15,33,953/-രൂപ അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിക്കാനുണ്ടെങ്കിലും 31.3.2012 ലെ ബാലൻസ് ഷീറ്റിൽ ഈ തുക ഉൾപ്പെടുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും, നഗരസഭ വിവിധ വ്യക്തികൾക്കായി നൽകിയ മുൻകൂർ തുകകൾ തിരികെ ഈടാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതും തുകകൾ അഡ്ജസ്റ്റു ചെയ്തതിന്റെ വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**3-36 ലോകബാങ്ക് ധനസഹായം - തുക ചെലവഴിച്ചില്ല :**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുകയും അതുവഴി ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ 2011-12 വർഷം മുതൽ ലോകബാങ്ക് ധനസഹായത്തോടെ കേരള ലോക്കൽ ഗവ; സർവ്വീസ് ഡെലിവറി പ്രൊജക്ട് ആരംഭിക്കുകയും ആയതുപ്രകാരം നഗരസഭയ്ക്ക് തൻവർഷം (17.1.12 ന്) 36,79,000/- രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം പ്രസ്തുത തുകയിൽ നിന്നും

Local Fund Audit Department

യാതൊരു തുകയും ചെലവു ചെയ്തിട്ടില്ല. അതായത് 36,79,000/- രൂപയും കൊയിലാണ്ടി സബ്ട്രഷറിയുടെ 752/5 നമ്പർ അക്കൗണ്ടിൽ നിക്കിയിരിപ്പായി ശേഷിക്കുന്നു.

20.7.11 ലെ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ ജി.ഒ.(ആർ.ടി)1731/11 തസ്വഭവ ഉത്തരവ്, ഖണ്ഡിക 8(3) പ്രകാരം, കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ച പെർഫോമൻസ് ഗ്രാന്റിന്റെ കുറഞ്ഞത് 80% ചെലവഴിച്ച സ്ഥാപനങ്ങളെയാണ് 2013-14, 2014-15 വർഷങ്ങളിൽ പെർഫോമൻസ് ഗ്രാന്റിന് തെരഞ്ഞെടുക്കുന്നത്.

മാത്രമല്ല മേൽ പരാമർശിച്ച ഉത്തരവിലെ ഖണ്ഡിക 6(3) ൽ പ്രൊജക്ടിന്റെ അവസാന വർഷമായ 2014-15 ൽ, ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ധനസഹായം ലഭിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാതെ തുടർവർഷങ്ങളിലും ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് നഗരസഭയുടെ സാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 3-37 ഐ.ഡി.എസ്.എം.ടി. പദ്ധതി - അപാകതകൾ :

കൊയിലാണ്ടി നഗരസഭയെ കേന്ദ്രസഹായപദ്ധതിയായ ചെറുകിട ഇടത്തരം പട്ടണങ്ങളുടെ സംയോജിത വികസന പദ്ധതിയിൽ (ഐ.ഡി.എസ്.എം.ടി.) ഉൾപ്പെടുത്തുകയും 339 ലക്ഷം രൂപയുടെ പ്രൊജക്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയും 2002 വർഷം മുതൽ പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് പ്രകാരം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം, കൊമേഴ്സ്യൽ കോംപ്ലക്സിന്റെ നിർമ്മാണം, ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ, ലോറി സ്റ്റാന്റ്, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണവും വൈദ്യുതീതരണവുമാണ് പ്രൊജക്ട് പ്രകാരം ചെയ്യാനുദ്ദേശിച്ചത്. ഇതിൽ ലോറി സ്റ്റാന്റിന്റെ നിർമ്മാണവും ഡ്രെയിനേജുകളുടെ നിർമ്മാണവും ഏറ്റെടുത്തിട്ടില്ല. വിശദാംശങ്ങളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പദ്ധതിയുടെ ഇതുവരെയുളള വരവു ചെലവു കണക്കുകൾ പൂർണമായും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതിക്കായുളള സെക്രട്ടറിയുടെ പേരിലുളള പ്രത്യേക അക്കൗണ്ടിൽ (എസ്.ബി.ഐ. കൊയിലാണ്ടി, അക്കൗണ്ട് നമ്പർ 30166633894) 31.12.12 ന് ശേഷം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല). 18,04,936/- രൂപ നിക്കിയിരിപ്പുണ്ട്. നിലവിൽ പദ്ധതിയുടെ കാലാവധി

Local Fund Audit Department

അവസാനിച്ചതിനാൽ തുകയുടെ വിനിയോഗം സംബന്ധിച്ച് സർക്കാരിൽ നിന്ന് നിർദ്ദേശങ്ങൾ വാങ്ങേണ്ടതാണെങ്കിലും ആയത് ലഭ്യമാക്കയിട്ടില്ല.

3) നഗരവികസന മന്ത്രാലയത്തിന്റെ 22.08.2007 - ലെ നം.44/2/06/SMT/TCPO/Vol-IX ഉത്തരവ് പ്രകാരം, ഐ.ഡി.എസ്.എം.ടി. പദ്ധതിയുടെ കാലാവധി 1979 - 80 മുതൽ 2007 വരെയാണെന്നും ഇതിനു പകരമായി പുതിയ പദ്ധതി നിലവിൽ വന്നിതിനാൽ തുടർന്ന് കേന്ദ്രഫണ്ട് അനുവദിക്കാൻ സാധ്യമല്ലെന്നും ഏറ്റെടുത്ത പ്രൊജക്ടുകളുടെ ചെലവ് കേരള സർക്കാർ നിർവ്വഹിക്കേണ്ടതാണെന്നും പറയുന്നു. എന്നാൽ പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പിനെക്കുറിച്ച് നഗരസഭ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

4) പദ്ധതിയുടെ പാസ്ബുക്ക് പരിശോധിച്ചതിൽ 06.09.2010 ന് 34,95,000/- രൂപ പിൻവലിച്ച സമ്പൂർണ്ണ ശുചിത്വ പദ്ധതതിയുടെ അക്കൗണ്ടിൽ (യൂണിയൻ ബാങ്ക് ഓഫ ഇന്ത്യ, കൊയിലാണ്ടി അക്കൗണ്ട് നം.611162050003) നിക്ഷേപിച്ചിട്ടുണ്ട്. തുക വകമാറ്റുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക നിർദ്ദേശങ്ങൾ വാങ്ങിയതായുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5) ഓഫീസ് കുറിപ്പ് പ്രകാരം, പദ്ധതിയുടെ പ്രൊജക്ട് തയ്യാറാക്കുന്നതിനായി മറ്റ് അക്കൗണ്ടിൽ നിന്നും ചെലവായ 3,12,991/- രൂപ 29.03.2010 - ലെ 625259 നം. ഡി.ഡി. പ്രകാരം ലഭിച്ചിട്ടുണ്ട്. ഇത് പദ്ധതിയുടെ മേൽ അക്കൗണ്ടിൽ ക്രഡിറ്റ് വന്നിട്ടില്ല.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

**<u>3 - 38 ക്ലൻ കേരള പദ്ധതി - ഖരമാലിന്യ സംസ്കരണ കേന്ദ്രം പ്രവർത്തിക്കുന്നില്ല - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല</u>**

ഫയൽ നമ്പർ - എച്ച്.1 - 3631/05
- എച്ച്.1 - 9367/06

നഗരസഭയിലെ മാലിന്യങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി 2004 - 05 ൽ 'ക്ലീൻ കേരള' എന്ന പേരിൽ സമഗ്രമായി ഒരു പദ്ധതി തയ്യാറാക്കുകയും സി.ഡി.എസിന്റെ കീഴിൽ 'വരകുന്നിൽ' ഒരു ജൈവ വള കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിരുന്നു. ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റാക്കി മാറ്റി വിൽപന ആരംഭിക്കുകയും പത്ത് വനിതകൾക്ക് (ധനശ്രീ, കുടുംബശ്രീ യൂണിറ്റ്) തൊഴിൽ ലഭ്യമാക്കുകയും യ്തെിരുന്നു. പ്ലാസ്റ്റിക്ക് ബാഗുകൾ നിരോധിച്ചതിനെത്തുടർന്ന് 'പുലരി ക്ലോത്ത് ബാഗ്സ്' എന്ന പേരിൽ തുണിസഞ്ചികൾ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കുകയും ചെയ്തു. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് കർണ്ടാകത്തിലെ കമ്പനികൾക്കു നൽകുന്നതിനും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിലുൽപ്പാദിപ്പിക്കുന്ന

Local Fund Audit Department

'ജീവ' എന്ന പേരിലുള്ള ജൈവവളം 25 കിലോഗ്രാം പാക്കറ്റുകളിലായി വിപണനം ചെയ്യുന്നതിനും പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്.

എന്നാൽ 29.07.2013 ന് ഓഡിറ്റിന്റെ ഭാഗമായി നടന്ന സ്ഥലപരിശോധനയിൽ, വരകുന്നിലെ പ്രസ്തുത ഖരമാലിന്യ സംസ്കരണകേന്ദ്രം അടച്ചുപൂട്ടിയതായി കണ്ടു. കെട്ടിട സൗകര്യമുണ്ടെങ്കിലും നിലവിൽ ഇവിടെ ഖരമാലിന്യ സംസ്കരണം നടക്കുന്നില്ല. യന്ത്രങ്ങൾ തുരുമ്പെടുക്കുന്ന അവസ്ഥയിലാണ്. ഖരമാലിന്യ സംസ്ക്കരണകേന്ദ്രത്തിന്റെ അനുബന്ധമായുള്ള തൊഴിൽ പരിശീലനകേന്ദ്രത്തിന്റെ താഴത്തെ നിലയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ടതായി കണ്ടു. മുകളിലത്തെ നിലയിൽ തയ്യിൽ മെഷീനുകളും ഫർണ്ണിച്ചറുകളും അട്ടിയിട്ട നിലയിലും കണ്ടു. പദ്ധതിയുടെ ആരംഭം മുതലുള്ള വരവുചെലവുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

ഖരമാലിന്യ സംസ്കരണകേന്ദ്രം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും യന്ത്രസാമഗ്രികൾ തുരുമ്പെടുക്കുന്നതും നാളിതുവരെ പദ്ധതിയ്ക്കായി ചെലവഴിച്ച തുക പാഴാവുന്ന അവസ്ഥയും ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

Local Fund Audit Department

**3 - 39 നഗരസഭ - ഷോപ്പിംഗ് കോംപ്ലക്സ് - അവലോകനം ;**

കൊയിലാണ്ടി നഗരസഭയിൽ നിർമ്മാണത്തിലിരിക്കുന്ന ടൗൺ ഹാൾ (ഷോപ്പിംഗ് കോംപ്ലക്സ്), പുതിയ ബസ്സ്റ്റാന്റ് (മെയിൻ അനക്സ്) പഴയ ബസ്സ്റ്റാന്റ്, സാസ്കാരിക നിലയം, കുടുംബശ്രീ വിപണന കേന്ദ്രം, മാർക്കറ്റ് എന്നിവിടങ്ങളിലായി ആകെ 251 മുറികൾ ഉണ്ട്. കൂടാതെ ഫിഷ്മാർക്കറ്റ്, ബസ്സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ കുത്തകാവകാശവും ലേലം ചെയ്തു വരുന്നു. കമ്മ്യൂണിറ്റി ഹാളിന്റെ രണ്ടാം നില കൗൺസിൽ തീരുമാനപ്രകാരം മ്യൂസിയം, പബ്ലിക് ലൈബ്രറി എന്നിവ പ്രവർത്തിക്കുന്നു.

**വരുമാനം സംബന്ധിച്ച വിവരം**

| വർഷം | മാർക്കറ്റ് | ഷോപ്പിംഗ് കോംപ്ലക്സ് | ബസ്സ്റ്റാന്റ് ഫീ | കംഫർട്ട് സ്റ്റേഷൻ | |
|---|---|---|---|---|---|
| | | | | ബസ്സ്റ്റാന്റ് | മാർക്കറ്റ് |
| 2010 - 11 | 55,000 | 62,80,609 | 8,52,000 | 2,03,000 | 15,500 |
| 2011 - 12 | 47,000 | 83,88,156 | 7,20,000 | 4,25,000 | 14,700 |
| 2012 - 13 | 81,500 | 72,51,209 | 8,50,000 | 4,91,000 | 25,000 |

ആസ്തി രജിസ്റ്റർ :

നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ബസ്സ്റ്റാന്റ് (പഴയത്, പുതിയത്), സാംസ്കാരിക നിലയം കുടുംബശ്രീ വിപണനകേന്ദ്രം, മാർക്കറ്റ്, ടൗൺഹാൾ എന്നീ എല്ലാ ആസ്തികളും രേഖപ്പെടുത്തിയിട്ടുണ്ട്.

ഷോപ്പിംഗ് കോംപ്ലക്സ് - മുറികളുടെ കൈമാറ്റം

ഷോപ്പിംഗ് കോംപ്ലക്സ് - മുറികൾ ലൈസൻസ് വ്യവസ്ഥയിൽ നലകുന്നുതു സംബന്ധിച്ച് കൗൺസിൽ അംഗീകരിച്ച പൊതു വ്യവസ്ഥകളും നിബന്ധനകളും കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിയലും) ചട്ടങ്ങൾ 2000 എന്നിവ പാലിച്ച് ആകെ 21 മുറികൾ കൈമാറ്റം നടത്തിയിട്ടുണ്ട്. അനധികൃത കൈമാറ്റം നടത്തിയിട്ടില്ല. സംവരണം ചെയ്യപ്പെട്ട 25/406 19 നമ്പർ മുറി ഒഴിഞ്ഞു കിടക്കുക്കുണ്ട്. നിരവധി തവണ ലേലം നടത്തിയിട്ടും ലേലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പങ്കടുക്കാത്തതിനാൽ വാടകക്ക് നൽകുവാൻ സാധിച്ചിട്ടില്ല.

ഷോപ്പിംഗ് കോംപ്ലക്സ് - വാടക കുടിശ്ശിക

അംഗീകരിച്ച ബൈലോ പ്രകാരം പ്രതിമാസ ലൈസൻസ് ഫീസ് അതാത് മാസം 5 - ാം തീയതിക്കകം മുൻകൂറായി അടയ്ക്കേണ്ടതാണ്. വീഴ്ച വരുത്തുന്നപക്ഷം പ്രതിമാസം 2% പലിശ വസൂൽ ചെയ്യുന്നതും 1994 - ലെ കേരള മുൻസിപ്പാലിറ്റി നിയമം 215 പ്രകാരമുള്ള നടപടികൾക്ക് വിധേയമാക്കുന്നതുമാണ്. മാത്രമല്ല തുടർച്ചയായി 3 മാസം ലൈസൻസ് ഫീ അടയ്ക്കാത്തപക്ഷം ലൈസൻസിയുടെ കുത്തകാവകാശം നഷ്ടപ്പെടുന്നതും അങ്ങനെയുള്ള മുറികൾ വീണ്ടും ലേലം ചെയ്ത് പുതിയ ലേലക്കാർക്ക് നൽകാവുന്നതാമുണ്. എന്നാൽ നഗരസഭയിൽ ആകെ 28 കുമുറികളുടെ ലൈസൻസ് ഫീ യഥാസമയം അടവാക്കാതെ, 12,96,098/- രൂപ കുടിശ്ശികയായിട്ടും ബൈലോ നിയമ പ്രകാരമുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ചില ലൈസൻസികൾ വർഷങ്ങളായി വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്.

ടൗൺഹാൾ - ഡെപ്പോസിറ്റ് തുക :

നിർമ്മാണത്തിലിരിക്കുന്ന ടൗൺഹാൾ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വിവിധ തീയതികളിലായി ലേലം നടത്തുകയും ലേലം കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. ലേല നിബന്ധനകൾ പ്രകാരം ലേലം കൗൺസിൽ അംഗീകരിച്ച 60 ദിവസത്തിനകം രണ്ടു ഗഡുക്കളായി ലേല തുക അടയ്ക്കേണ്ടതാണ്. വീഴ്ച വരുത്തിയാൽ മറ്റൊരു അിറയിപ്പു കൂടാതെ ലേലം/ടെണ്ടർ റദ്ദാക്കി പുനർ ലേലം ചെയ്യുന്നതും പുനർ ലേലത്തോടനുബന്ധിച്ച് വരുന്ന മുഴുവൻ ചെലവുകളും

Local Fund Audit Department

ആദ്യത്തെ മൂന്ന് വർഷത്തിൽ ലൈസൻസ് ഫീസിനത്തിൽ വന്നേക്കാവുന്ന നഷ്ടങ്ങൾ ലേലക്കാരിൽ നിന്നും നിരതദ്രവ്യത്തിനു പുറമെ നിയമാനുസൃതം വസൂൽ ചെയ്യുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ലേലംകൊണ്ട ചിലർ കൗൺസിൽ അംഗീകരിച്ച് മാസങ്ങളും വർഷങ്ങളും കഴിഞ്ഞാണ് ഡെപ്പോസിറ്റ് തുക അടച്ചത്. 10 മുറികൾ ലേലം കൊണ്ടവർ ഇപ്പോഴും 40,72,000/- രൂപ ഡെപ്പോസിറ്റ് അടയ്ക്കാൻ ബാക്കിയുണ്ട്. ഇവർക്കെതിരെ ലേല നിബന്ധനകൾ പ്രകാരമുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

<u>ബസ്സ്റ്റാന്റ്, മാർക്കറ്റ്, കംഫർട്ട് സ്റ്റേഷൻ കുടിശ്ശിക:</u>

മേൽ കാണിച്ച ഇനങ്ങളിലെല്ലാം നിയമാനുസൃത നികുതികൾ ഉൾപ്പെടെ ലേലത്തുക യഥാസമയം അടച്ചിട്ടുണ്ട്. ഈ ഇനത്തിൽ കുടിശ്ശിയില്ല.

<u>ബസ്സ്റ്റാന്റ്, മാർക്കറ്റ് ലേലം - വരവ്</u>

2011 - 12 വർഷം ബസ്സ്റ്റാന്റ് ഫീ ഇനത്തിൽ 1,32,000/- രൂപയുടെയും മാർക്കറ്റ് ലേലത്തിൽ 8,000/- രൂപയുടെയും കുറവ് ഉണ്ടായിട്ടുണ്ട്. ആദ്യ ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ പുനർ ലേലത്തിലൂടെയാണ് കുത്തകാവകാശം നൽകിയത്.. മറ്റിനങ്ങളിൽ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

<u>ഷോപ്പിംഗ് കോംപ്ലക്സ് - കോടതി നടപടികൾ:</u>

25/360 സി, മുറിയുടെ വാടക കുടിശ്ശിക സംബന്ധിച്ചും 25/363 മുറിയുടെ വാടക കുടിശ്ശികയുടെ പിഴപ്പലിശ സംബന്ധിച്ചും കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട്. യഥാസമയം വാടക പിരിച്ചെടുക്കാത്തതിനാലാണ് ഈ കേസുകൾ ഉത്ഭവിക്കാൻ കാരണം.

<u>ലേല ഡയറി, ലേല രജിസ്റ്റർ - സൂക്ഷിപ്പ് :</u>

ഷോപ്പിംഗ് കോംപ്ലക്സ്മുറികൾ, മാർക്കറ്റ്, ബസ്സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻഎന്നിവയുടെ ലേലം സംബന്ധിച്ച വിശദവിവരങ്ങൾ, ലേലഡയറി, ലേല രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

<u>ഡിമാന്റ് രജിസ്റ്റർ</u> :

ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ഷോപ്പിംഗ് കോംപ്ലക്സ് വാടക ലഭിച്ചു സംബന്ധിച്ച വിശദാംശങ്ങൾ മുഴുവൻ എഴുതിയിട്ടില്ല. കൃത്യമായും ശരിയായ രീതിയിലും ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നിയമ പ്രകാരമുള്ള തുടർനടപടി സ്വീകരിക്കാൻ കഴിയുന്നില്ല.

Local Fund Audit Department

ഷോപ്പിംഗ് കോംപ്ലക്സ് - വായ്പ

ടൗൺഹാൾ നിർമ്മാണത്തിനായി 1,94,62,000/- രൂപ KURDFC യിൽ നിന്നും വിവിധ ഘട്ടങ്ങളിലായി വായ്പയെടുക്കുകയും കൃത്യമായി തിരിച്ചടയ്ക്കുകയും ചെയ്യുന്നുണ്ട്. 87,29,463/- രൂപ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ട്. ആയതിൽ 37,16,000/- രൂപ 21.05.2012 - നാണ് വായ്പയെടുത്തിരിക്കുന്നത്. ലൈസൻസ് ഫീസിനത്തിൽ പിരിച്ചെടുക്കാനുള്ള തുകയും ടൗൺഹാളിന്റെ പിരിഞ്ഞു കിട്ടാനുള്ള ലേല തുകയും യഥാസമയം പിരിച്ചെടുത്തിരുന്നുവെങ്കിൽ അവസാന ഗഡു തുക വായ്പയെടുക്കേണ്ട സാഹചര്യം ഉണ്ടാകുമായിരുന്നില്ല.

ടൗൺഹാൾ പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം:

ടൗൺഹാൾ കെട്ടിടം നിർമ്മിക്കുന്നതിനായി 2.57 കോടിയുടെ ഭരണ, സാങ്കേതിക അനുമതിയുടെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾക്കു ശേഷം 13.05.2009 - ലെ 1/2009-10 കരാർ പ്രകാരം നിർമ്മാണ കമ്പനി 24 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ വിവിധ ഘട്ടങ്ങളിലായി എസ്റ്റിമേറ്റിൽ വരുത്തിയ മാറ്റങ്ങളും കെട്ടിട നിർമ്മാണത്തിന് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ വയറിംഗ് പ്രവൃത്തി ഉൾപ്പെടുത്താതിരുന്നതിനാലും കാലതാമസം വന്നിട്ടുണ്ട്. അതു കാരണം 24 മുറികൾ ലേലംകൊണ്ടവർക്ക് ഏൽപ്പിച്ചികൊടുക്കാൻ കാലതാമസം വരുന്നതിനാൽ വാടക ഇനത്തിൽ ഭീമമായ നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്നു.

ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ഡിമാൻറ് രജിസ്റ്ററിൽ ചേർത്ത് കുടിശ്ശികക്കാർക്കെതിരെ യഥാസമയം നടപടി സ്വീകരിച്ച് കുടിശ്ശിക ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതും ടൗൺഹാൾ പ്രവൃത്തി പൂർത്തികരിച്ച് മുറികൾ ലേലംകൊണ്ടവർക്ക് ഏൽപ്പിച്ചുകൊടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

Local Fund Audit Department

## ഭാഗം - 4

## ധനസ്ഥിതി വിരണവും ഓഡിറ്റ് പ്രത്യവലോകനവും

### 4 - 1 സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം :

--ഇല്ല--

### 4 - 2 ഡപ്പോസിറ്റ് വർക്കിനു നൽകിയ മുൻകൂർ തുകയുടെ വിവരങ്ങൾ

--ഇല്ല--

**4 - 3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്**

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈഷേസൻ അഡ്വാൻസായി വിവിധ കൺവീനർമാർക്ക് തുക നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | അഡ്വാൻസ് തുക | റിമാർക്സ് |
|---|---|---|---|
| പെരുംകുനി കോളനി കുടിവെള്ള പദ്ധതി | ശ്രീ. ഗിരീഷ്. പി.കെ | 1,00,000/- | 8,30,978/- രൂപയുടെ പാർട്ട് ബിൽ നൽകി |
| കോയാരിക്കുന്ന് കുടിവെള്ള പദ്ധതി | ശ്രീ. സുധാകരൻ.കെ | 1,00,000/- | 3,00,860/- രൂപയുടെ പാർട്ട് ബിൽ നൽകി |

**4 - 4 സാമ്പത്തിക നില**

Local Fund Audit Department

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നിക്കിയിരിപ്പ് |
|---|---|---|---|---|---|
| എ ഫണ്ട് ജനറൽ | 52,78,730 | 2,78,20,000 | 3,30,98,730 | 3,22,95,379 | 8,03,351 |
| (എസ്.സി.പി) | 55,01,142 | 97,08,000 | 1,52,09,142 | 1,05,27,320 | 46,81,822 |
| 13 -ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 1,20,98,000 | 1,20,98,000 | 63,45,796 | 57,52,204 |
| ലോക ബാങ്ക് ധനസഹായം | - | 36,79,000 | 36,79,000 | - | 36,79,000 |
| ബി ഫണ്ട് | - | 1,84,46,065 | 1,84,46,065 | 1,84,46,065 | - |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 2,25,115 | 57,14,000 | 59,39,115 | 47,33,307 | 12,05,808 |
| നോൺ റോഡ് | 23,07,203 | 48,70,000 | 71,77,203 | 42,46,803 | 29,30,400 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 42,92,081 | 1,56,58,039 | 1,99,50,120 | 1,40,23,056 | 59,27,064 |
| സമ്പൂർണ്ണ ശുചിത്വം (യൂണിയൻ ബാങ്ക്) | 36,18,284 | 46,74,875 | 82,93,159 | 26,19,934 | 56,73,225 |
| ദുരിതാശ്വാസ നിധി (എസ്.എം.ജി.ബി) | 57,685 | 5,048 | 62,733 | 11,000 | 51,733 |
| എസ്.എസ്.എ (എസ്.ബി.ടി) | 10,652 | 3,04,714 | 3,15,366 | 1,50,000 | 1,65,366 |
| IDSMT (എസ്.ബി.ഐ.) | 16,70,040 | 64,622 | 17,34,662 | - | 17,34,662 |
| KURDFC ലോൺ (എസ്.ബി.ഐ.) | 25,818 | 1,10,25,000 | 1,10,50,818 | 1,10,47,251 | 3,567 |
| മണൽ (PNB) | 5,214 | 6,25,856 | 6,31,070 | 5,88,335 | 42,735 |
| റഗുലർ പെൻഷൻ (ടി.പി.എ. 263) | 28,97,368 | 1,32,368 | 30,29,736 | 4,41,438 | 25,88,298 |
| കണ്ടിജന്റ് പെൻഷൻ (ടി.പി.എ 260) | 4,39,690 | 83,880 | 5,23,570 | 3,90,458 | 1,33,112 |
| പി.എഫ്. (ടി.പി.എ. 245) | 11,35,665 | 17,879 | 11,53,544 | 10,55,162 | 98,382 |
| ട്രഷറി സ്പെഷ്യൽ | 6,38,000 | 6,37,500 | 12,75,500 | 12,75,000 | 500 |

| | | | | | |
|---|---|---|---|---|---|
| (TSB ). അക്കൗണ്ട് | | | | | |
| സോഷ്യോ ഇക്കണോമിക്ക് സെൻസസ് (PNB) | - | 33,246 | 33,246 | 10,000 | 23,246 |
| തനതുഫണ്ട് (PNB) | 46,15,779.67 | 3,98,43,982 | 4,44,59,761.67 | 3,16,20,752 | 1,28,39,009.67 |
| UIDSMT (SBT) | 44,45,416 | 3,58,300 | 48,03,716 | 23,18,663 | 24,85,053 |
| IHSDP (SBT) | 11,08,957 | 42,325 | 11,51,282 | 11,35,335 | 15,947 |
| **ആകെ** | **3,82,72,839.67** | **15,58,42,699** | **19,41,15,538.67** | **14,32,81,054** | **5,08,34,484.67** |

<u>നിക്കിയിരിപ്പിന്റെ വിശദാംശം</u>

| ക്രമ നം. | ബാങ്ക്/ട്രഷറി | അക്കൗണ്ട് നമ്പർ | നിക്കിയിരിപ്പ് |
|---|---|---|---|
| 1. | സബ് ട്രഷറി, കൊയിലാണ്ടി വികസന ഫണ്ട് | 752/2 | 54,85,173 |
| 2. | -ടി- ജനറൽ പർപ്പസ് ഗ്രാന്റ് | 722/1 | 59,27,064 |
| 3. | -ടി- മെയിന്റനൻസ് ഗ്രാന്റ് | 722/3 | 41,36,208 |
| 4. | -ടി- 13 - ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 722/4 | 57,52,204 |
| 5. | -ടി- ലോകബാങ്ക് ധനസഹായം | 722/5 | 36,79,000 |
| 6. | യൂണിയൻ ബാങ്ക്, കൊയിലാണ്ടി,സമ്പൂർണ്ണ ശുചിത്വം | 003 | 56,73,225 |
| 7. | സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, കൊയിലാണ്ടി (ദുരിതാശ്വാസ നിധി) | 1479 | 51,733 |
| 8. | എസ്.ബി.റ്റി., കൊയിലാണ്ടി (എസ്.എസ്.എ.) | 6701015039 | 1,65,366 |
| 9. | എസ്.ബി.ഐ. (ഐ.ഡി.എസ്.എം.റ്റി) | 33894 | 17,34,662 |
| 10. | എസ്.ബി.ടി. കൊയിലാണ്ടി (കെ.യു.ആർ.ഡി.എഫ്.സി. ലോൺ) | 8702432 | 3,567 |
| 11. | പഞ്ചാബ് നാഷണൽ ബാങ്ക് (മണൽ) | 74873 | 42,735 |
| 12. | ടി.പി.എ. (റഗുലർ പെൻഷൻ) | 263 | 25,88,298 |
| 13. | ടി.പി.എ. (പി.എഫ്) | 245 | 98,382 |
| 14. | ടി.പി.എ. (കണ്ടിജന്റ് പെൻഷൻ) | 260 | 1,33,112 |
| 15. | ട്രഷറി സ്പെഷ്യൽ ടി.എസ്.ബി. | 1229 | 500 |
| 16. | പഞ്ചാബ് നാഷണൽ ബാങ്ക്, കൊയിലാണ്ടി (സോഷ്യോ എക്കണോമിക് സെൻസസ്) | 80500 | 23,246 |
| 17. | പഞ്ചാബ് നാഷണൽ ബാങ്ക്, കൊയിലാണ്ടി (തനതു ഫണ്ട്) | 00019 | 1,28,39,009.67 |
| 18. | എസ്.ബി.റ്റി.,കൊയിലാണ്ടി (യു.ഐ.ഡി.എസ്.എസ്.എം.റ്റി) | 67062 | 24,85,053 |
| 19. | എസ്.ബി.റ്റി., കൊയിലാണ്ടി (ഐ.എച്ച്.എസ്.ഡി.പി) | 67036938200 | 15,947 |
| | **ആകെ** | | **5,08,34,484.67** |

Local Fund Audit Department

**4 - 4 (ബി) സ്ഥിര നിക്ഷേപങ്ങൾ-ഇൻവെസ്റ്റുമെന്റുകൾ**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16,000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 16,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| 1) കെ.യു.ആർ.ഡി.എഫ്.സി. ഷെയർ സർട്ടിഫിക്കറ്റ് (ഷെയർ നം. 91660 മുതൽ 91809 വരെ 150 ഷെയറുകൾ തീയതി;12.01.1994) | 15,000 |
| 2) മലപ്പുറം സ്പിന്നിംഗ് മിൽ ഷെയർ സർട്ടിഫിക്കറ്റ് (നം. എസ്.87 തീയതി 27.07.1977) | 1,000 |
| **ആകെ** | **16,000** |

**4 - 4 (സി) വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 1,94,31,000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| **വായ്പയുടെ പേര് ഉദ്ദേശ്യം** | **ഉത്തരവ് നം. തീയതി** | **വായ്പ തുക** | **വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക** | **തൻവർഷം തിരിച്ചടച്ച തുക** | | **വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക** |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി. എഫ്.സി. ബസ്സ്റ്റാന്റ്-കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | കെ.യു.ആർ. ഡി.എഫ്.സി. ബി/05 തീയതി 28.12.2005 | 1,00,00,000 | 14,62,778 | 16,76,470 | 1,24,129 | -- |
| കെ.യു.ആർ.ഡി. എഫ്.സി. ടൗൺഹാൾ നിർമ്മാണം | കെ.യു.ആർ.ഡി. എഫ്.സി.യു. എൽ.ബി/122/09 തീയതി 06.01.2010 | 1,89,16,000 | 42,00,000 | 85,87,817 | 8,23,648 | 1,03,28,183 |
| ഇ.എം.എസ്. ഭവന നിർമ്മാണം | സ.ഉ.(സ)1320/2010 (ത.സ്വ.ഭ.വ)19.03.10 | 2,12,07,500 | 1,64,92,500 | 51,63,000 | -- | 1,60,44,500 |
| **ആകെ** | | **5,01,23,500** | **2,21,55,278** | **1,54,27,287** | **9,47,777** | **2,63,72,683** |

Local Fund Audit Department

**4 - 5 ഓഡിറ്റ് റിക്കവറി**

--ഇല്ല--

**4 - 6 ഓഡിറ്റ് പ്രത്യവലോകനം**

എ) സംക്ഷിപ്ത വിവരം

| 2011 - 2012 | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 15,58,42,699 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 14,32,81,054 |
| വരവിനങ്ങളിലുള്ള നഷ്ടം | 8,150 |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 68,61,418 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 69,80,022 |

ബി നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർച്ചാർജ്ജ് ചെയ്യാവുന്നവ | |
| 2 - 6(5) | 7250 | | ശ്രീ. എ. സുരേന്ദ്രൻ, സെക്രട്ടറി |
| 2 - 6(6) | 900 | | -ടി- |
| 3 - 1 | | 23,700 | -ടി- |
| 3 - 3 | | 23,20,572 | 44 കൗൺസിലർമാരിൽ നിന്നും തുല്യമായി, ശ്രീ. എ. സുരേന്ദ്രൻ, സെക്രട്ടറിയിൽ നിന്നും |
| 3 - 4 | | 2,92,500 | ശ്രീമതി. കെ. ശാന്ത, ചെയർപേഴ്സൺ |
| 3 - 5 | | 26,90,000 | -ടി- |
| 3 - 6 | | 11,10,000 | -ടി- |
| 3 - 8 | | 2,30,000 | ശ്രീ. അരുൺരംഗൻ, സെക്രട്ടറി |
| 3 - 10 | | 11,366 | -ടി- |
| 3 - 16 | | 1,036 | -ടി- |
| 3 - 15 | | 1,31,956 | ശ്രീ. പി. ബാബുരാജ്, പ്രിൻസിപ്പാൾ, ഗവ. ഗേൾസ് ഹയർസെണ്ടറി സ്കൂൾ, കൊയിലാണ്ടി |
| 3 - 25 | | 50,228 | ശ്രീമതി. കുമാരി.എ.എസ്, മുൻസിപ്പൽ എഞ്ചിനിയർ |
| **ആകെ** | **8,150** | **68,61,418** | |

Local Fund Audit Department

സി) തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3 - 7 | 3,99,375 | ശ്രീ. എ. സുരേന്ദ്രൻ, സെക്രട്ടറി |
| 3 - 9 | 1,63,937 | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കൊയിലാണ്ടി. |
| 3 - 15 | 40,000 | പ്രിൻസിപ്പാൾ, ഗവ. ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ, കൊയിലാണ്ടി. |
| 3 - 18 | 5,88,324 | മെമ്പർ സെക്രട്ടറി, സി.ഡി.എസ്. |
| 3 - 22 | 13,75,314 | സെക്രട്ടറി, കൊയലിണ്ടി നഗരസഭ |
| 3 - 26 | 32,206 | മെമ്പർ സെക്രട്ടറി, സി.ഡി.എസ്. |
| 3 - 28 | 2,63,890 | -ടി- |
| 3 - 29 | 1,20,638 | |
| 3 - 31 | 42,636 | |
| 3 - 32 | 2,55,534 | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കൊയിലാണ്ടി. |
| 3 - 33 | 1,00,000 | |
| 3 - 34 | 26,98,.300 | സെക്രട്ടറി, കൊയലിണ്ടി നഗരസഭ |
| 3 - 20 | 8,99,368 | -ടി- |
| **ആകെ** | **69,80,022** | |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

എഫ്) നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം (പിൻകോഡ് സഹിതം) |
|---|---|---|
| ശ്രീ. അരുൺരംഗൻ, സെക്രട്ടറി | സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ | 33/5868 എ, ശിവപ്രിയ<br>കെ.സി.എബ്രഹാം മാസ്റ്റർ റോഡ്<br>പനമ്പള്ളി നഗർ, കൊച്ചി- 682036 |
| ശ്രീമതി. കുമാരി,എ.എസ്. | മുനിസിപ്പൽ എഞ്ചിനിയർ കൊയിലാണ്ടി നഗരസഭ | അരുണോദയം<br>മേപ്പയിൽ - പോസ്റ്റ്<br>വടകര, കോഴിക്കോട് - ജില്ല |
| ശ്രീ. എ. സുരേന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി, കൊയിലാണ്ടി നഗരസഭ | ദേവാഞ്ജനം<br>അണ്ടല്ലൂർ, പാലയാട് - (പി.ഒ.)<br>തലശ്ശേരി, കണ്ണൂർ ജില്ല. |
| ശ്രീമതി. വസന്ത. പി.എം. സി.ഡി.പി.ഒ. | വിരമിച്ചു | താഴെ കിഴക്കയിൽ<br>കീഴൂർ - പി.ഒ. പയ്യോളി |

Local Fund Audit Department

ഓഡിറ്റ് എൻക്വയറികൾക്കുള്ള മറുപടി

| ആകെ നൽകിയ ഓഡിറ്റ് എൻക്വയറികൾ | മറുപടി ലഭ്യമാക്കിയത് | മറുപടി ലഭ്യമാക്കാത്തത് |
|---|---|---|
| 49 | 22 | 27 |

**4 - 7 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1971 - 72 | എൽ.എഫ്.കെ.കെ.ഡി.പി.4/630/97/20.05.87 | 9 |
| 1972 - 73 | -ടി- /631/97/20.05.87 | 7 |
| 1974-75, 75-76 | -ടി- /632/97/20.5.87 | 7 |
| 1976 - 77 | -ടി- /633/97/20.5.87 | 4 |
| 77 - 78, 79 - 80 | -ടി- 635/97/20.5897 | 13 |
| 1980 - 81 | -ടി- 636/97/20.5.87 | 24 |
| 1981 - 82 | -ടി- 638/97/20.5.87 | 20 |
| 1982 - 83 | -ടി- പി.1/92/97/3.1.92 | 5 |
| 1983 - 84 | -ടി- പി.1/304/97/23.12.98 | 38 |
| 1984 - 85 | -ടി- പി.6/1451/89/1.6.90 | 38 |
| 1985 - 86 | -ടി- പി.4/352/92/13.7.93 | 19 |
| 1987 - 88 | -ടി- പി.4/351/92/13.7.93 | 15 |
| 1988 - 89 | -ടി- എസ്.2/2701/94/10.10.94 | 17 |
| 1989 - 90 | -ടി- എസ്.2/2704/94/ | 27 |
| 90 - 91 | -ടി- എസ്.2/341/95/6.1.95 | 27 |
| 91 - 92, 92 - 93 | -ടി- എസ്.2/142/96/3.4.96 | 41 |
| 93 - 94, 94 - 95 | -ടി- എം.1/2/98/7.6.99 | 10 |
| 95 = 96 | -ടി- എം.1/360/00/16.06.2000 | 22 |
| 96 - 97 | -ടി- എം.1/152/97/7.8.99 | 5 |
| 97 - 98 | -ടി- എം.1/806/00/09.03.01 | 12 |
| 98 - 99 | -ടി- എം.1/806/00/09.03.01 | 5 |
| 99 - 00 ചെലവ് | -ടി- എം.1/808/00/09.03.01 | 18 |

Local Fund Audit Department

| | | | |
|---|---|---|---|
| 1999 - 2000 ഡി.സി.ബി. | -ടി- | എം.1/940/01/01/13.11.01 | 8 |
| 2000 - 01 ചെലവ് | -ടി- | പി.8/1682 (1)/12/24.05.13 | 14 |
| 2000 - 01 ഡി.സി.ബി. | -ടി- | എം.1/1638/03/12.07.03 | 29 |
| 2000 - 01 | -ടി- | എം.1/912/04/19.4.05 | 8 |
| 97 - 98 മുതൽ 2001 - 02 വരെ കുടുംബശ്രീ | -ടി- | എം.1/1441/06/13.4.05 | 2 |
| 2001 - 02 ഡി.സി.ബി. | എൽ.എഫ്.കെ.കെ.ഡി.പി.6/1682(2)/12/24.5.13 | | 2 |
| 2002 - 03 ചെലവ് | -ടി- | പി.8/1682(3)/12/31.5.13 | 12 |
| 2003 - 04 ചെലവ് | -ടി- | എം.1/1697/06/3.5.07 | 20 |
| 2004 - 05 ചെലവ് | -ടി- | എം.1/1698/06 | 26 |
| 2005 - 06 ചെലവ് | -ടി- | എം.1/676/07/18.6.07 | 25 |
| 2002- 03 ഡി.സി.ബി | -ടി- | എസ്.2/523/08/6.9.08 | 3 |
| 2003 - 04 ഡി.സി.ബി | -ടി- | എസ്.2/522/08/6.9.08 | 6 |
| 2004 - 05 ഡി.സി.ബി | -ടി- | എസ്.2 | |
| 2005 - 06 ഡി.സി.ബി | -ടി- | എസ്3 | |
| 2006 - 07 | -ടി- | എസ്.3/180/ | |
| 2007 - 08 | -ടി- | എം.1/1615/09/27.10.20 | |
| 2008 - 09 | -ടി- | എസ്.265/2010/20.07.11/ | 45 |
| 2009 - 10 | -ടി- | പി.8/904/2011 തീയതി31.01.2012/22.05.2012 | 43 |
| 2010 - 11 | -ടി- | പി.8/1408/12/9.310.2012 | |
| | | | |

Local Fund Audit Department

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീരിക്കേണ്ടതാണ്.

**4 - 8 ചാർജ്ജ് സർച്ചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

എ) ചാർജ്ജ് സർച്ചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ/ ഈടാക്കിയ തുകയുടെ വിവരം

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം ഖണ്ഡിക നം | ചാർജ്ജ് നോട്ടീസ് റഫ നം. തീയതി | സർച്ചാർജ്ജ് നോട്ടീസ് റഫ നം. തീയതി | നോട്ടീസ് പ്രകാര മുള്ള തുക | അടവാക്കിയ തുക | അടവാക്കിയ ആളുടെ പേരും രസീത് നമ്പറും തീയതിയും | ബാക്കി | റിമാർ ക്സ് |
|---|---|---|---|---|---|---|---|---|
| ഇല്ല | | | | | | | | |

ബി. ചാർജ്ജ്-സർച്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ/ഈടാക്കിയ തുകയുടെ വിവരം

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം ഖണ്ഡിക നം | ചാർജ്ജ് നോട്ടീസ് റഫ നം. തീയതി | സർച്ചാ ർജ്ജ് നോട്ടീസ് റഫ നം. തീയതി | സർട്ടി ഫി ക്കറ്റ് പ്രകാര മുള്ള തുക | അടവാ ക്കിയ തുക | അടവാക്കിയ ആളുടെ പേരും രസീത് നമ്പറും തീയതിയും | ബാ ക്കി | റവന്യൂ റിക്കവറി നടപടി കളിലൂടെ ഈടാക്കി യ തുക | റിമാ ർ ക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

Local Fund Audit Department

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്

സി.21.01.14